**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 478** **03-11-2021 - ൽ മറുപടിയ്ക്ക്**

**ക്ലീൻ കേരള കമ്പനി മുഖേനയുള്ള പ്ലാസ്റ്റിക് നിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ സുജിത് വിജയൻപിള്ള,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ക്ലീൻ കേരള കമ്പനി പ്ലാസ്റ്റിക് കുപ്പികൾ നിർമ്മാർജ്ജനം ചെയ്യാൻ ബിവറേജസ് കോർപ്പറേഷനുമായി സഹകരിച്ച് തുടങ്ങിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി ഉപേക്ഷിക്കുവാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി വിപണനം ചെയ്യപ്പെടുന്ന മദ്യം / ബിയർ അടങ്ങുന്ന കുപ്പികൾ / അലുമിനിയം ക്യാൻ എന്നിവ ഉപയോഗ ശേഷം ഉപേക്ഷിക്കുന്നവ തിരിച്ചെടുക്കുന്നതിന് 26.12.2019-ന് ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെടുകയുണ്ടായി. മദ്യ / ബിയർ കുപ്പികൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകളിൽ നിന്നും ശേഖരിക്കുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്. കരാറിന്റെ കാലാവധി 3 മാസത്തേക്കായിരുന്നു. കോവിഡ്-19 രോഗവ്യാപനത്തെത്തുടർന്നുണ്ടായ ലോക്ക്ഡൗൺ കാരണം വീണ്ടും 4 മാസം കൂടി കരാർ ദീർഘിപ്പിച്ചിരുന്നു. ബിവറേജസ് കോർപ്പറേഷനും ക്ലീൻ കേരള കമ്പനിയും സംയുക്തമായി നടത്തിയ ഈ പരിപാടി 2020 ജൂലൈ 31-ന് അവസാനിച്ചു. ഈ പദ്ധതി തുടരാത്തതിനുള്ള കാരണങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ക്ലീൻ കേരള കമ്പനി എത്ര കിലോഗ്രാം പ്ലാസ്റ്റിക് പൊതുമരാമത്ത് വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതുവഴി എത്ര തുക ക്ലീൻ കേരള കമ്പനിക്ക് ലാഭമുണ്ടാക്കുവാനായി എന്ന് വ്യക്തമാക്കുമോ? | (ബി) | ക്ലീൻ കേരള കമ്പനി പൊതുമരാമത്ത് എഞ്ചിനീയറിംഗ് വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും യഥാക്രമം 947.76 ടണ്ണും 1161.24 ടണ്ണും പ്ലാസ്റ്റിക് നൽകിയിട്ടുണ്ട്. ഇതു വഴി ക്ലീൻ കേരള കമ്പനിക്ക് 4.87 കോടി രൂപ ലഭിക്കുകയും അതിന്റെ 85% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

കേന്ദ്ര സർക്കാർ നടപ്പിൽ വരുത്തിയ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെൻറ് ചട്ടം 2016 സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചു അപ്രകാരം കോർപ്പറേഷൻ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾ പ്ലാസ്റ്റിക് കുപ്പികളിൽ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ കാലികുപ്പികൾ തിരികെ എടുക്കുന്നതിനുള്ള ഉത്തരവാദിത്വം അതാതു സ്ഥാപനങ്ങൾക്കാണെന്ന് നിഷ്കർഷിച്ചിരുന്നു. കൂടാതെ സംസ്ഥാനത്ത് വിതരണം നടത്തുന്ന മദ്യത്തിന്റെ കാലികുപ്പികളുടെ ശേഖരിക്കലും നിർമ്മാർജ്ജനവും നടപ്പിലാക്കുന്നതിന് ഒരു ബോട്ടിൽ ഡെപ്പോസിറ്റ് സ്കീം നടപ്പിലാക്കുന്നതിനും ഇതിലേക്കായി കുപ്പി ഒന്നിന് 5 രൂപ ഡെപ്പോസിറ്റ് ഈടാക്കി കാലികുപ്പി തിരികെ നൽകുന്നവർക്ക് ഈ തുക തിരികെ നൽകുന്ന പദ്ധതി നടപ്പിലാക്കണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുകയുണ്ടായി. തുടർന്ന് ടി വിഷയത്തിൽ പരിസ്ഥിതിയും കാലവസ്ഥ വ്യത്യായനവകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം മദ്യകുപ്പികളുടെ ശേഖരണത്തിനും മറ്റുമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനവുമായി സഹകരിച്ച് ഒരു പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിച്ചു. ഇതിന്റെ വെളിച്ചത്തിൽ ക്ലീൻ കേരള കമ്പനിയുമായി നടത്തിയ തുടർചർച്ചയിലും പ്രോജക്ട് പ്രോപ്പോസലിന്റെ വെളിച്ചത്തിലും ഇത് നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ഇതിലേക്കായി 01/01/2020-ന് ഒരു കരാറിൽ ഏർപ്പെടുകയും ചെയ്തു. തുടക്കത്തിൽ പരീക്ഷണ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്ന ചില്ലറ വില്പനശാലകളിലെ/സ്ഥലങ്ങളിൽ നിന്നും ഒഴിഞ്ഞ മദ്യകുപ്പികളുടെ ശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി മൂന്ന് മാസത്തേക്ക് ആണ് കരാർ ഒപ്പ് വച്ചത്. ഇതിലേയ്ക്കായി താഴെപറയുന്ന നിരക്കുകളും നിശ്ചയിച്ചു.

| Sl.No. | Category | Unit | Rate (Rs.) |
|---|---|---|---|
| 1 | Plastic Bottle | Per Kilogram | 7.50 |
| 2 | Glass Bottle | | |
| (i) | 1000 ml | Per Bottle | 4.10 |
| (ii) | 750 ml | Per Bottle | 3.5 |
| (iii) | 500 ml | Per Bottle | 3.10 |
| (iv) | 375 ml | Per Bottle | 2.25 |
| (v) | 180 ml | Per Bottle | 1.50 |
| 3 | Beer Bottle | | |
| (i) | 650 ml | Per Bottle | 4.5 |
| (ii) | 330 ml | Per Bottle | 2.25 |
| 4 | Beer Can | Per Kg. | 7.50 |

താഴെ പറയുന്ന കാരണങ്ങളാൽ ടി പദ്ധതി തുടർന്ന് നടപ്പിലാക്കിയില്ല.

1. പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെൻറ് ചട്ടങ്ങൾ അനുസരിച്ച് ഉല്പാദകരാണ് ഇതിൽ നിന്നുണ്ടാകുന്ന പ്ലാസ്റ്റിക്ക് കുപ്പികളും മറ്റും നിർമ്മാർജ്ജനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാഥമിക ഉത്തരവാദിത്വം, എന്നാൽ മദ്യ നിർമ്മാതക്കളെ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയില്ല.

2. പദ്ധതി പ്രകാരം കോർപ്പറേഷന്റെ ചില്ലറ വില്പനശാലകളിലും ബിന്നുകൾ സ്ഥാപിക്കുന്നതിനും മറ്റ് നടപടികൾക്കും കാലതാമസമുണ്ടായത് പദ്ധതിയുടെ നടത്തിപ്പിനെ ബാധിച്ചു.

3. കോവിഡ്-19 ന്റെ വ്യാപനത്തെ തുടർന്ന് വ്യാപാര വാണിജ്യസ്ഥാപനങ്ങൾ അടഞ്ഞു കിടന്നതും കോവിഡ് നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ ഉണ്ടായിരുന്നതും കണക്കിലെടുത്ത് ടി പദ്ധതി നടപ്പിലാക്കുന്നതിന് പ്രയോഗിക ബുദ്ധിമുട്ട് ഉണ്ടായത് തുടർനടത്തിപ്പിനെ ബാധിച്ചു.